LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രമേശ് ചെന്നിത്തല: സർ, വിജിലൻസ് നിഷ്പക്ഷവും നീതിപൂർവ്വവുമായ നിലയിൽ മാത്രമേ പ്രവർത്തിക്കുകയുള്ളൂ എന്ന കാര്യം ഞാൻ സഭയ്ക്ക് ഉറപ്പ് നൽകുകയാണ്. അന്വേഷണം ഏത് രീതിയിൽ നടക്കണമെന്ന് മന്ത്രി പറയുന്നത് ശരിയാണെന്ന് അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ; അങ്ങ് ഈ വകുപ്പിന്റെ ചുമതലയുള്ള മന്ത്രി ആയിരുന്നില്ലേ? അന്വേഷണ ഉദ്യോഗസ്ഥർ കേസിന്റെ മെറിറ്റനുസരിച്ച് കാര്യങ്ങൾ തീരുമാനിക്കും. It is a legal process. ആ ലീഗൽ പ്രോസസ്സിൽ കാര്യങ്ങൾ നടക്കട്ടെ. ഒരു കുറിക്ക് വെരിഫിക്കേഷനിട്ടുകഴിഞ്ഞാൽ അതിന് സമയമുണ്ട്, അന്വേഷണം നടത്തുക, അതിന് തെളിവുകൾ ശേഖരിക്കുക തുടങ്ങിയ നടപടികളുമായി മുന്നോട്ടുപോകും.

ശ്രീ. എ. കെ. ബാലൻ: സർ, അങ്ങനെയും സാക്ഷികൾ വന്നില്ലെങ്കിൽ നിങ്ങൾ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തില്ലേ?

ശ്രീ. രമേശ് ചെന്നിത്തല: സർ, അത് അന്വേഷണ ഉദ്യോഗസ്ഥർ തീരുമാനിക്കേണ്ടകാര്യമാണ്, മന്ത്രി തീരുമാനിക്കേണ്ട കാര്യമല്ല. എനിക്ക് പറയാനുള്ളത് ഈ കാര്യത്തിൽ ഒരു അട്ടിമറിയുമുണ്ടായിട്ടില്ല, നിഷ്പക്ഷമായി അന്വേഷണം നടക്കുകയാണ്. കോടതിയുടെ മുമ്പാകെ ഇതിനകംതന്നെ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോടും വിവരങ്ങൾ ആരാഞ്ഞതാണ്. അദ്ദേഹം എന്ത് മറുപടിയാണ് നൽകിയതെന്ന് അദ്ദേഹത്തിനറിയാം. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഇക്കാര്യത്തിൽ സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കി മുന്നോട്ടുപോകുന്നതാണ്. .....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ജോസഫ് വാഴക്കൻ.....(ബഹളം)..... അങ്ങയുടെ സബ്മിഷൻ ഉന്നയിക്കാം. ഇതേ ആവശ്യം ഉന്നയിച്ചുകൊണ്ട് ശ്രീ. സണ്ണി ജോസഫും നോട്ടീസ് നൽകിയിട്ടുണ്ട്. പക്ഷേ ശ്രീ. ജോസഫ് വാഴക്കന് അവതരിപ്പിക്കാവുന്നതാണ്.

2. റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി

ശ്രീ. ജോസഫ് വാഴക്കൻ: സർ, റബ്ബറിന്റെ കനത്ത വിലത്തകർച്ചമൂലം റബ്ബർ മേഖല അതീവഗുരുതരമായ.....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് ..... പ്ലീസ് ..... പ്രതിപക്ഷനേതാവിനെ സംസാരിക്കാൻ വിളിച്ചു .....(ബഹളം)..... എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യണമെന്ന്

റ്റളിംഗ് കൊടുക്കാനുള്ള അധികാരം ചെയറിനില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സംസാരിക്കട്ടെ. ...(ബഹളം).....

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, മാണിസാർ, നിരപരാധിയാണെന്ന് മുഖ്യമന്ത്രി പറയട്ടെ.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : സർ, മാണിസാർ രാജിവയ്ണം. രാജിവച്ച ശേഷം അന്വേഷണം നടത്തണം. എഫ്. ഐ. ആർ. ഇടാൻ പറയണം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഇതിൽ ഞാനെന്ത് റ്റളിംഗാണ് നൽകേണ്ടത്? ഏതിനാണ് റ്റളിംഗ്? എഫ്. ഐ. ആർ. ഇടാൻ പറയാൻ ചെയറിന് അധികാരമില്ല.

(പ്രതിപക്ഷാംഗങ്ങൾ ബാർ കോഴ സംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രി ക്കെതിരെ എഫ്. ഐ. ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തണമെന്നാ വശ്യപ്പെട്ട് മുദ്രാവാക്യം വിളിച്ചുകൊണ്ട് സ്പീക്കറുടെ ഡയസ്സിനുസമീപം വന്നുനിന്ന് ബഹളം വയ്ക്കുകയും സ്പീക്കറുടെ ഡയസ്സിൽ കയറി മൈക്കിലൂടെ മുദ്രാവാക്യം വിളിക്കുകയുമുണ്ടായി.)

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: അകത്തുകയറിയാൽ നടപടിയുണ്ടാകും. ഡയസ്സിനുള്ളിൽ പ്രവേശിച്ചാൽ അംഗങ്ങൾക്കെതിരെ നടപടിയെടുക്കേണ്ടിവരും. .....(ബഹളം)..... ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിലേയ്ക്ക് പോകണം. ..... (ബഹളം)..... സഭാനടപടികൾ അല്പസമയത്തേയ്ക്ക് നിർത്തിവയ്ക്കുന്നു.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് രാവിലെ 10.55-ന് സഭ നിർത്തിവക്കുകയും. ഉച്ചയ്ക്കശേഷം 12.25-ന് പുനരാരംഭിക്കുകയും ചെയ്തു.)

VI അറിയിപ്പ്

സഭയിലെ അംഗങ്ങളുടെ മോശമായ പെരുമാറ്റം

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: വളരെ നിർഭാഗ്യകരമായ സംഭവങ്ങളാണ് സഭയിൽ ഇന്ന് നടന്നത്. ഈ വിഷയം സംബന്ധിച്ച് ചെയർ ഭരണ-പ്രതിപക്ഷ കക്ഷി കളുമായി സംസാരിച്ചെങ്കിലും യോജിച്ച ഒരു തീരുമാനമെടുക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ഇതുസംബന്ധിച്ച ചെയറിന്റെ അഭിപ്രായം ആദ്യം രേഖപ്പെടുത്തുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly